"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് -വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ.വി.ശിവരാമകൃഷ്ണന്റെ പുനർനിയമന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പ്ലാനിംഗ് ബി) വകുപ്പ്**

സ.ഉ.(കൈ) നം.70/2023/AGRI തീയതി,തിരുവനന്തപുരം, 06-08-2023

---

പരാമർശം:-

1. സ.ഉ (കൈ) നം.53/2022/കൃഷി തിയതി 13.06.2022
2. 22.03.2023 തീയതിയിലെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ VFPCK/CA1/GoK Communications/2023/289 നമ്പർ കത്ത്

**ഉത്തരവ്**

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ) യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ.വി.ശിവരാമകൃഷ്ണന് 13.06.2023 മുതൽ ഒരു വർഷ കാലയളവിലേക്ക് നിയമന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
PRINCIPAL SECRETARY & APC

ഉത്തരവിൻ പ്രകാരം

Signed by
Nisha T K
Date: 07-08-2023 11:05:42
സെക്ഷൻ ഓഫീസർ

ശ്രീ.വി.ശിവരാമകൃഷ്ണൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ് .സി) വകുപ്പ് ( ഇനം നം.1694 തീയതി 02.08.2023)
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ(ബി.പി .ഇ ) വകുപ്പ്

വിജിലൻസ് (ബി)വകുപ്പ്
വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-08-2023

ഫയൽ നം. 334/പിബി2/2021/കൃഷി. ഇനം നം: 1694

വിഷയം : കൃഷി വകുപ്പ് - വി.എഫ്.പി.സി.കെ.-യുടെ സി.ഇ.ഒ. ആയി പുനർനിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ. വി. ശിവരാമകൃഷ്ണന്റെ പുനർനിയമന കാലാവധി നീട്ടുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

1694

# കേരള സർക്കാർ

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 334/പിബി2/2021/കൃഷി |
| 2 | വകുപ്പ് | കൃഷി (പി.ബി) വകുപ്പ് |
| 3 | വിഷയം | വി.എഫ്.പി.സി.കെ യുടെ സി.ഇ.ഓ ആയി പുനർ നിയമന വ്യസ്ഥയിൽ നിയമിതനായ ശ്രീ. വി. ശിവരാമകൃഷ്ണന്റെ പുനർ നിയമന കാലാവധി നീട്ടുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07.06.2023 |
| 5 | (i). ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | ഉണ്ട്. |
| | (ii). സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, വിജിലൻസ് വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. സാബിർ ഹുസൈൻ. എ |
| 8 | കുറിപ്പ് അംഗീകരിച്ച എ.പി.സി & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. ബി അശോക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 31.07.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു.വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 31.07.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി. പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | 31.07.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 01.08.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ.വി.ശിവരാമകൃഷ്ണന് ഒരു വർഷത്തേക്ക് വി.എഫ്.പി.സി.കെ യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി തുടർ നിയമനം നൽകുന്ന വിഷയമാണ് ഈ കുറിപ്പിൽ വിവരിക്കുന്നത്.

2) 22.12.2021 തീയതിയിലെ സ.ഉ(സാധാ)നം.1045/2021/കൃഷി സർക്കാർ ഉത്തരവ് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ അഡീഷണൽ ഡയറക്ടറായ (പ്ലാനിങ്) ശ്രീ. വി.ശിവരാമകൃഷ്ണനെ കൃഷി വകുപ്പിന് കീഴിലുള്ള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ) യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു.

3) തുടർന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിന്നും 31.05.2022 ൽ വിരമിച്ച ശ്രീ.വി.ശിവരാമകൃഷ്ണന് ഒരു വർഷത്തേക്ക് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ) യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം 19.10.2016 തിയതിയിലെ സ.ഉ (അച്ചടി) നം.159/2016/ധന ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി 13.06.2022 തീയതിയിലെ സ.ഉ (കൈ) നം.53/2022/കൃഷി ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു. ടിയാളുടെ സേവന കാലാവധി 12.06.2023 ന് അവസാനിച്ചിരുന്നു.

4) തുടർന്ന് തന്റെ വി.എഫ്.പി.സി.കെ യിലെ ചീഫ് എക്സിക്യൂട്ടീവ് തസ്തികയിലെ കാലാവധി 12.06.2023 ന് അവസാനിക്കുന്നുവെന്നും തനിക്ക് പുനർ നിയമനം നൽകണമെന്നും ശ്രീ. വി. ശിവരാമകൃഷ്ണൻ ആവശ്യപ്പെട്ടിരിക്കുന്നു.

5) ശ്രീ. വി.ശിവരാമകൃഷ്ണന് തുടർ നിയമനം നൽകുന്നത് സംബന്ധിച്ച് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുകയും വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുമുണ്ടായി.

*"ശ്രീ. വി. ശിവരാമകൃഷ്ണന്റെ സേവനകാലാവധി നീട്ടിനൽകി VFPCK-ൽ MD ആയി പുനർ നിയമനം നൽകുന്നത് സംബന്ധിച്ച് 30.10.2020-ലെ നം.64/20/ധന സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട ഭരണ വകുപ്പിന് തന്നെ*

*അനുയോജ്യമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്."*

6) 30.10.2020 ലെ 64/2020/ധന നമ്പർ സർക്കുലർ പ്രകാരം ധനകാര്യ വകുപ്പിന്റെ അഭിപ്രായം, വിജിലൻസ് ക്ലിയറൻസ് എന്നിവ സഹിതം പുനർ നിയമനത്തിനുള്ള പ്രൊപ്പോസലുകൾ മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് ആയതിൻ പ്രകാരം വിജിലൻസ് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ആയത് ചുവടെ കണ്ടാലും.

*"വി.എഫ്.പി.സി.കെ യിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ.ശിവരാമകൃഷ്ണന് തുടർ നിയമനം നൽകുന്നതിൽ ടിയാനെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലില്ലെന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്. കൂടാതെ തനിക്കെതിരെ വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലില്ലെന്ന സത്യപ്രസ്താവന കൂടി ശ്രീ.വി.ശിവരാമകൃഷ്ണനിൽ നിന്നും വാങ്ങി അനന്തര നടപടികൾ സ്വീകരിക്കുവാൻ ഭരണ വകുപ്പിന് നിർദ്ദേശം നൽകാവുന്നതാണ്."*

7) *'തനിക്കെതിരെ വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലില്ല '* എന്ന സത്യപ്രസ്താവന ശ്രീ. വി. ശിവരാമകൃഷ്ണൻ സമർപ്പിച്ചിട്ടുണ്ട് .

8) തുടർന്ന് പുനർനിയമന വിഷയം മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചപ്പോൾ ചുവടെ ചേർക്കും പ്രകാരം ഉത്തരവായി.

*"ധനകാര്യവകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക"*

9) ആയതിൻ പ്രകാരം ധനവകുപ്പിന്റെ അഭിപ്രായം ആരായുകയും, പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"ശ്രീ വി. ശിവരാമകൃഷ്ണന് വി.എഫ്.പി .സി.കെ യുടെ സി.ഇ.ഒ ആയി 13.06.2023 മുതൽ ഒരു വർഷ കാലയളവിലേക്ക് തുടർ നിയമനം നൽകുന്നതിന് ധനവകുപ്പ് അനുമതി നൽകുന്നു. ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട് ."*

10) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ)

യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ.വി.ശിവരാമകൃഷ്ണന് 13.06.2023 തീയതി മുതൽ ഒരു വർഷത്തേയ്ക്ക് തുടർ നിയമനം നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ) യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ.വി.ശിവരാമകൃഷ്ണന് 13.06.2023 മുതൽ ഒരു വർഷ കാലയളവിലേക്ക് നിയമന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കാമോ?